DESPATCHED
On. 24-5-22.

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 208(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.3608/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 18

ശ്രീ. ഷഹീർ ചിങ്ങത്ത്,
തിരൂർക്കാട്,
മലപ്പുറം,
പിൻ – 679 321.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ്,
   സിവിൽ സ്റ്റേഷൻ, മലപ്പുറം.

2. അപ്പീൽ അധികാരി &
   ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,
   കുടുംബശ്രീ, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 20.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.10.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.11.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 8.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 18.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷഹീർ ചിങ്ങത്ത്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും നിഷേധിച്ചുകൊണ്ടാണ് മറുപടി നൽകിയിട്ടുള്ളതെന്നും തുടർന്ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീലിന് ഭാഗികമായ വിവരങ്ങൾ മാത്രമാണ്

നൽകിയിട്ടുള്ളതെന്നും, ഏത് വകുപ്പ് ആധാരമാക്കിയാണ് വിവരങ്ങൾ നിഷേധിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും ആയതിനാൽ അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 20.9.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ് :

1) കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ അയൽക്കൂട്ടത്തിലെ ജീവനക്കാരുടെ എണ്ണം, പേര്, ഉദ്യോഗ പേര്, പെൻ നമ്പർ ബന്ധപ്പെട്ട മറ്റു വിവരങ്ങൾ നൽകണമെന്നും

2) കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ അയൽക്കൂട്ടത്തിലെ ജീവനക്കാരുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുന്ന വിവരങ്ങൾ നൽകണമെന്നും

3) കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ അയൽക്കൂട്ടത്തെ കുറിച്ച് വിവരാവകാശ നിയമം വകുപ്പ് 4(1)(ബി) പ്രകാരം കാലികമായ വിവരങ്ങൾ സ്വമേധയാ പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാകുന്ന രേഖകളുടെ പകർപ്പുകൾ നൽകണമെന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.10.2021–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും വിവരങ്ങളും നൽകിയിട്ടില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് നൽകിയ അപ്പീലിന് 8.12.2021–ന് മറുപടി നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു.

4. എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ 26.3.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കുടുംബശ്രീ മിഷന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സാമൂഹികാധിഷ്ഠിത സംഘടനയാണ് കുടുംബശ്രീ എന്നും അയൽക്കൂട്ടങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട ഇടപെടലുകൾ നടത്തുക എന്നതാണ് കുടുംബശ്രീ മിഷന്റെ ഉത്തരവാദിത്വം എന്നും അയൽക്കുട്ടങ്ങളിലുള്ള പ്രശ്നങ്ങളിലും പൊതു വിഷയങ്ങളിലും ഇടപെടേണ്ടതും പരിഹരിക്കേണ്ടതും അതാത് തലങ്ങളിൽ തന്നെയാണെന്നും അയൽക്കൂട്ടങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കുടുംബശ്രീ ബൈലോ 20.2 പ്രകാരം അയൽക്കൂട്ട വസ്തുതാന്വേഷണ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും സമൂഹം തന്നെ സമൂഹത്തിന്റെ പ്രശ്നങ്ങൾ സ്വയംമേവ പരിഹരിക്കുന്ന രീതിയിലാണ് കുടുംബശ്രീ വിഭാവം ചെയ്തിട്ടുള്ളതെന്നും കുടുംബശ്രീ ബൈലോ പ്രകാരമാണ് പരാതികളിൽ നടപടികൾ സ്വീകരിക്കാറുള്ളതെന്നും മറ്റുമുള്ള വിശദീകരണത്തോടൊപ്പം ഖണ്ഡിക തിരിച്ചുള്ള മറുപടി ഓരോ ഇനത്തിനും നൽകിയിട്ടുള്ളതുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കുടുംബശ്രീ മിഷന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സാമൂഹികാധിഷ്ഠിത സംഘടനയായ അയൽക്കൂട്ടത്തെ സംബന്ധിച്ചുള്ള സർക്കുലറിനെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നത് എന്ന് കാണുന്നു. ആയതിന് ലഭ്യമായ

വിവരങ്ങൾ കുടുംബശ്രീ മിഷൻ സമയബന്ധിതമായി ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ഇത്തരം വളരെ ബൃഹത്തായ ചോദ്യങ്ങൾക്ക് വിവരം ലഭ്യമാക്കുക എന്നത് ശ്രമകരവും എതിർകക്ഷി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്നതും, അതുമൂലം ടി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങളെ തടസപ്പെടുത്തുന്നതിന് ഇടയാക്കുമെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. എന്നാൽ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകളുടെ പകർപ്പുകൾ പകർപ്പ് ഫീ ഒടുക്കി എടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും എതിർകക്ഷികൾ ഹർജിക്കാരന് നൽകേണ്ടതാണെന്നും, ഓഡിറ്റിംഗിലും മറ്റും കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ ടി ആക്ഷേപം സംബന്ധിച്ച് ഹർജിക്കാരന് ബന്ധപ്പെട്ട മേലധികാരികൾക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk